ഉത്തരം

(എ&ബി) ആയുർവേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും ഈ രംഗത്തെ നഴ്സുമാർക്കും ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ട് മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ആലോചനയെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പ്രവർത്തനവും ഭക്ഷ്യസുരക്ഷാ നിയമവും

79 (4882) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാനിയമം എന്നുമുതലാണ് നടപ്പാക്കിയത് എന്നും ആയതുവഴി നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും ആയതിനായി 2014-15 വർഷം എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരിൽ രജിസ്ട്രേഷനും ലൈസൻസും ഉള്ളവർ എത്രപേർ എന്ന് അറിയിക്കുമോ ; രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്തവർ ഭക്ഷ്യസാധനങ്ങൾ കൊണ്ടുവരുമ്പോൾ അതിർത്തിപ്രദേശങ്ങളിൽ തന്നെ തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലെത്തിയവരും മരണപ്പെട്ടവരും എത്ര പേർ ; ജില്ല തിരിച്ചും വർഷം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഭക്ഷ്യസുരക്ഷാവകുപ്പ് 2011 മുതൽ 2015 വരെ എത്ര റെയ്ഡുകൾ നടത്തി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഭക്ഷ്യസുരക്ഷാവകുപ്പിന് റെയ്ഡുകൾ നടത്തുന്നതിനും ഇതര പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും എത്ര ജീവനക്കാരുണ്ട് ; ഇവർ മാത്രം ഇത്തരം പ്രവർത്തനം നടത്തുന്നത് ഫലപ്രദമാകുന്നുണ്ടോ എന്നും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പും മറ്റു അനുബന്ധ വകുപ്പുകളെയും സംയോജിപ്പിച്ച് ജില്ലകൾതോറും ഫലപ്രദമായ നിരീക്ഷണവും പരിശോധനയും ശക്തമാക്കാൻ എന്തുനടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജ്യത്തുടനീളം 2011 ആഗസ്റ്റ് മാസം 5-ാം തീയതി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നടപ്പാക്കിയതിനോടൊപ്പം സംസ്ഥാനത്തും ആയത് നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം നടത്തിയ പരിശോധനകളുടെ ഭാഗമായി വൃത്തിഹീനമായും ഭക്ഷ്യവിഷബാധ ഉണ്ടാക്കുന്നതുമായ 132 ഹോട്ടലുകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുള്ളതും 295 കേസ്സുകളിലായി 87,24,960 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതും 3085 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ നിശ്ചിത നിലവാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തിയ കേസ്സുകളിന്മേൽ 161 അഡ്ജൂഡിക്കേഷൻ നടപടികളും 41 ക്രിമിനൽ കേസ്സുകളും ഇതിനകം ഫയൽ ചെയ്തിട്ടുള്ളതും 3800 സ്ഥാപനങ്ങൾക്ക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

ഭക്ഷണശാലകളുടെ ഗുണനിലവാരവും ശുചിത്വവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി ഹോട്ടൽ ഉടമസ്ഥരെയും തൊഴിലാളികളെയും ഉൾപ്പെടുത്തി ഇതിനകം മുവായിരത്തിലധികം ബോധവത്കരണ ക്ലാസ്സുകൾ സംസ്ഥാനത്ത് ഇതിനകം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പൊതുജനങ്ങൾക്കുള്ള പരാതി നേരിട്ടറിയിക്കുന്നതിനായി ഒരു ടോൾഫ്രീ നമ്പരും (1800 425 1125) ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണയുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ബ്രാൻഡ് വെളിച്ചെണ്ണയുടെ ഉൽപ്പാദനവും വിതരണവും വിൽപ്പനയും ഭക്ഷ്യസുരക്ഷാ കമ്മീഷണർ സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെയും സോഡയുടെയും 54 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ മൂന്ന് സാമ്പിളുകൾ unsafe ആയും ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതും Misbranded ആയും കണ്ടെത്തിയിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടാങ്കറുകളിൽ വിതരണംചെയ്യുന്ന കുടിവെള്ളം സംബന്ധിച്ച് നടത്തിയ പരിശോധനകളിൽ ടാങ്കറുകൾക്ക് നിശ്ചിത മാനദണ്ഡത്തിന്റെ അഭാവം പോരായ്മയായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ള വിതരണത്തിന് കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തി ഉത്തരവിറക്കിയിട്ടുള്ളതും പരിശോധനകളിൽ ആയത് ഉറപ്പുവരുത്താറുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പഴം, പച്ചക്കറികളിൽ കീടനാശിനികളുടെ അമിതമായ ഉപയോഗം ഉള്ളതായ ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ കണ്ടെത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെയും കൃഷി, ഭക്ഷ്യം എന്നീ വകുപ്പുമന്ത്രിമാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് കർശനമായ നടപടികൾ ഏർപ്പെടുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗൗരവമായ തുടർനടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകൾ NABL അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള തുടർ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കൂടാതെ സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015-ലെ ജി.ഒ. (ആർ.ടി.) നം. 2013/2015 എന്ന പ്രത്യേക ഉത്തരവിലൂടെ സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

" സുരക്ഷിത ആഹാരം ജനങ്ങളുടെ അവകാശം" എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ രുചി വർദ്ധക വസ്തുക്കളുടെയും രാസപദാർത്ഥങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'രുചി' (RUCHI - Restrictive Use of Chemical and Harmful Ingredients).

കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്ന നടപടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആർ.ഡി.ഒ.മാരെയും അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുള്ളതും ടി ഉദ്യോഗസ്ഥർക്ക് വേണ്ട പരിശീലനവും നൽകിയിട്ടുള്ളതാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ കേസ്സുകളിന്മേലുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന രാം അഡീഷണൽ ജില്ലാ കോടതിയെ ട്രൈബ്യൂണലായി സർക്കാർ ഇതിനകം നോട്ടിഫൈ ചെയ്തിട്ടുള്ളതും ഭക്ഷ്യസുരക്ഷാ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതടക്കമുള്ള നടപടി സർക്കാർ പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളിലെ മായം ചേർക്കൽ കർശനമായി തടയുന്നതിനും പൊതുജനങ്ങളെ ടി വിപത്തിൽനിന്ന് രക്ഷിക്കുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ട നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുള്ളതാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ രണ്ട് ശീർഷകങ്ങളിലായാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ ചെലവ് ചുവടെ ചേർക്കുന്നു :

ശീർഷകം	പദ്ധതി (തുക ആയിരത്തിൽ)	പദ്ധതിയേതരം (തുക ആയിരത്തിൽ)
2210-06-102-99	24,209	1,46,682
2210-07-107-98	34,432	74,559

(ബി) ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവർ കേന്ദ്ര ലൈസൻസാണ് എടുക്കേണ്ടത്. ആയത് സംബന്ധിച്ച കണക്കുകൾ വകുപ്പിൽ ലഭ്യമല്ല. അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഭക്ഷ്യവസ്തുക്കൾ കൊണ്ടുവരുന്നവരെ അതിർത്തി പ്രദേശങ്ങളിൽ തടയുവാൻ നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് സ്ഥിരം സംവിധാനമില്ല. കൂടാതെ ഭക്ഷ്യസുരക്ഷാ ഉണനിലവാര നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് 2015 ആഗസ്റ്റ് 5-ാം തീയതിവരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതിനാൽ ആയത് കരസ്ഥമാക്കാത്ത കാരണത്താൽ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയില്ല.

(സി) ഈ സർക്കാർ കാലയളവിൽ 2011-ൽ ഭക്ഷ്യവിഷബാധയേറ്റ് തിരുവനന്തപുരം ജില്ലയിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാവകുപ്പ് 2011 മുതൽ 2015 സംസ്ഥാനത്തുടനീളം 11907 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ജില്ലാ ഓഫീസുകളിൽ ഓരോ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി ഇന്റലിജൻസ് സ്ക്വാഡും 140 സർക്കിൾ ഓഫീസുകളിലായിട്ടുള്ള 66 ഫുഡ് സേഫ്റ്റി ഓഫീസർമാരും ഭക്ഷ്യസുരക്ഷ റെയ്ഡുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ ഓഫീസുകളിലും ഇന്റലിജൻസ് സ്ക്വാഡുകളിലും ഓഫീസ് പ്രവർത്തനത്തിനായി ഒരു ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു

ഓഫീസ് അസിസ്റ്റന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും 140 ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ 60 എണ്ണത്തിൽ ഓരോ ക്ലാർക്കിന്റെയും ഓഫീസ് അസിസ്റ്റന്റിന്റെയും തസ്തികകൾ നിലവിലുണ്ട്. 80 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിൽ ക്ലാർക്കിന്റെയോ ഓഫീസ് അസിസ്റ്റന്റിന്റെയോ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ഇ) ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ തസ്തികകളും സ്റ്റാറ്റ്യൂട്ടറി തസ്തികകളാണ്. ആയതുകൊണ്ട് തന്നെ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും മറ്റിതര വകുപ്പുകളുടെ ഏതെങ്കിലും തസ്തികയിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ചെയ്യുവാൻ നിയമപരമായി കഴിയുകയില്ല.

ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക

80 (4883) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക പൂർണ്ണമായി നൽകിക്കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം ഇവരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. 2015 ഏപ്രിൽമുതൽ ജൂൺവരെ കുടിശ്ശികയുണ്ട്.

(ബി) ഉത്തരവായിട്ടില്ല.

പുതിയ മെഡിക്കൽ കോളേജുകളുടെ സ്ഥാപനം

81 (4884) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly